LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE ASSEMBLY PROCEEDINGS

OFFICIAL REPORT OF THE VRISCHIGAM MEETING, 1124

Monday, *the* *13th December 1948* / *28th Vrischigam 1124*

The Assembly met in the Assembly Hall, Ernakulam, at 3 p.m. with the Hon'ble President (Mr. L. M. Pylee, M. A., B. L.) in the chair.

Rao Bahadur T. K. Nayar, and Messrs. K. Balakrishna Menon, K. Natarajan Chettiar, C. U. Narayanan, M. K. Menon, K. Karunakaran. K. T. Achuthan and A. K. Kunju Moideen were absent.

1 QUESTIONS AND ANSWERS

(*N. B.* The numbers in ordinary thin type represent the numbers in the order of receipt of notice).

RICE MILLS AT NARAKKAL—PARTICULARS REGARING

202. (332) മിസ്റ്റർ ശാസ്ത്രർ ഡിസിൽവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ദവമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) ഞാറക്കൽ പ്രദേശത്തു് എത്ര മില്ലുകൾക്കു് നെല്ല കുത്തുവാൻ പെർമിറ്റ് കൊടുത്തിട്ടുണ്ടു്; എത്രപറ നെല്ലുവീതം പ്രതിവർഷം കുത്തുവാനുള്ള പേർമിറ്റ കൊടുത്തിട്ടുണ്ടു്;

(ബി) ഏതെല്ലാം മില്ലുകൾ പെർമിറ്റിനു അപേക്ഷിച്ചിട്ടുണ്ടായിരുന്നു; ഏതേതു തിയ്യതികളിലാണ് ആദ്യത്തെ അപേക്ഷകൾ കിട്ടിയതു്;

(സി) ഇപ്പോൾ എത്ര മില്ലുകൾ നെല്ല കുത്തുന്നുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഒരു മില്ലിനു പെർമിറ്റ കൊടുത്തിട്ടുണ്ടു്. മില്ലിനു കൊടുക്കുന്ന പെർമിറ്റിൽ (ലൈസ്സൻസിൽ) കുത്തുവാനുള്ള നെല്ലിന്റെ അളവ് നിർണ്ണയിക്കപ്പെടാറില്ല.

(ബി) മേൽ പറഞ്ഞ മില്ലിനു പുറമെ (ഞാറക്കൽ ലിറ്റിൽഫ്ളവർ ഓയിൽമിൽ) ഞാറയ്ക്കൽ സ്വരാജ് ഓയിൽമില്ലും പെർമിറ്റിനു് അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

ആദ്യത്തെ മില്ല് ഫ ൦—൪—൪൭-ലും

രണ്ടാമത്തേതു് ൭—൯—൪൭-ലും ആണു് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതു്.

(സി) ഇപ്പോൾ ഒരു മിൽ നെല്ല കുത്തുന്നുണ്ടു്.

EVICTION SUITS AGAINST KUDIKIDAPPUKARS—NUMBER OF

203. (238) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ദവമ്മെണ്ട സദയം മറുപടി പറയുമൊ.—

(എ) ഇനി ഒരു നിയമം ഉണ്ടാകുന്നതുവരെ കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ള ഫ ഫ ഫ-ലെ വിളംബരത്തിനുശേഷം കുടി ഒഴിപ്പിക്കുന്നതിനായി എത്രയെത്ര കേസ്സുകൾ സ്റ്റേറ്റിലെ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ടു്;

അഞ്ചിക്കയ്മൽ ഡിസ്ട്രിക്ട് കോട്ട്;
തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് കോട്ട്;
എറണാകുളം മുൻസിഫ് കോട്ട്;

കൊച്ചി	ടി
ഇരിങ്ങാലക്കുട	ടി
കൊടുങ്ങല്ലൂർ	ടി
തൃശ്ശിവപേരൂർ	ടി
വടക്കാഞ്ചേരി	ടി
ചിറ്റൂർ	ടി

[Mr. K. Kochukuttan]

(ബി) ഇവയിൽ പട്ടണത്തിൽ നിന്നുള്ളതെത്ര;

ഉൾനാടുകളിൽ നിന്നുള്ളതെത്ര;

(സി) ഉൾനാടുകളിൽനിന്നും വാടകബാക്കിക്കു് എന്നു പറഞ്ഞു ഫയൽ ചെയ്തിട്ടുള്ള കേസ്സുകൾ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

ഇല്ല.

൯൫.

ഇല്ല.

൫.

ഇല്ല.

ഇല്ല.

൩.

ഇല്ല.

(ബി) ൩൫.

൩൨.

(സി) ൧൩൩.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കുടികിടപ്പുകാരെ വസ്തു ഉടമസ്ഥന്മാർ ഒഴിവാക്കുവാൻ വേണ്ടി കോടതികളിൽ കൊടുത്തിട്ടുള്ള കേസ്സുകളിൽനിന്നു് അതുരെയെങ്കിലും മഴിവാക്കുവാൻ വേണ്ടി ഏതെങ്കിലും കോടതിയിൽനിന്നു് വിധിയായിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടീസ്സുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കുടികിടപ്പുകാരെ ഒഴിപ്പിക്കുവാൻ പാടില്ലെന്നുള്ള വിളംബരം ഉണ്ടായിട്ടും ഇതുമാതിരിയുള്ള കേസ്സുകൾ കോടതികളിൽ സ്വീകരിച്ചു് വിചാരണ ചെയ്യുന്നതു് എന്തിനാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് കോടതിയിൽ വിചാരണ ചെയ്താൽമാത്രമേ തള്ളിക്കളയുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് ഇതു് ഏപ്പോൾ വേണമെങ്കിലും കോടതിയ്ക്കു് വിചാരണ ചെയ്യാവുന്നതാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇങ്ങിനെയുള്ള കേസ്സുകൾ നിത്തിവെയ്ക്കുവാൻ ഒരു വിളംബരം ഉണ്ടാക്കിക്കൂടെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഒരു നിയമം ഉണ്ടാകുന്നതുവരെ ഇതുപോലെയുള്ള കേസ്സുകൾ ഒന്നും വിചാരണയ്ക്കെടുക്കരുതെന്നു് പറയുവാൻ ഗവർമ്മെണ്ടിന്നു് നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: വാടകബാക്കിക്കു് കേസ്സുകൊടുക്കുവാൻ പാടില്ലെന്നു് വല്ല വ്യവസ്ഥയുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊരു വ്യവസ്ഥയില്ല.

മിസ്റ്റർ എം. ഐ. പോൾ: കുടികിടപ്പുകാരനെ ഒഴിവാക്കുവാൻവേണ്ടി വസ്തു ഉടമസ്ഥൻ കേസ്സുകൊടുത്താൽ കുടികിടപ്പുകാരൻ കോടതിയിൽ ഹാജരാകേണ്ടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഹാജരാകണം.

മിസ്റ്റർ പി. കെ. ഡീവർ: വാടകബാക്കിക്കുവേണ്ടി കേസ്സു കൊടുത്താൽ ഒഴിവാക്കുവാൻ പാടില്ലെന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: പട്ടണങ്ങളിൽ താമസിക്കുന്ന ആളുകളിൽനിന്നും വാടക വാങ്ങിക്കുവേണ്ടി കേസ്സു കൊടുത്താൽ റെൻറ് കൺട്രോളരുടെ (Rent-Controller) തിരുമാനം ഇല്ലാതെ ഒഴിവാക്കുവാൻ പാടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നല്ല നിശ്ചയമില്ല. അങ്ങിനെയാണെന്നാണു് എന്റെ ഓർമ്മ.

മിസ്റ്റർ പി. കെ. ഡീവർ: ഇതുമാതിരിയുള്ള കേസ്സുകൾ റെൻറ് കൺട്രോളർ (Rent-Controller) അറിയാതെ കോടതി തീർപ്പു കല്പിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയുള്ളതു് കോടതിക്കു് തള്ളിക്കളയാം.

LIBRARY ARCHIVES Kerala Legislative Assembly